# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5645** 02.07.2014-ലെ മറുപടിക്ക്

## കാസർഗോഡ് മെഡിക്കൽ കോളേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് ജില്ലയിൽ മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ; | എ) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് പുതുതായി ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിന് 300 കിടക്കകളോടു കൂടി പ്രവർത്തനനിരതമായ ആശുപത്രി യാണ് ആദ്യമായി വേണ്ടത്. കൂടാതെ കോളേജ് പ്രവർത്തനം തുടങ്ങുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ലാബുകൾ, സ്ഥിരം ജീവനക്കാർ തുടങ്ങിയവയും ആവശ്യമാണ്. ഇങ്ങനെ യുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് കാസർഗോഡ് മെഡിക്കൽ കോളേജിൽ ഇപ്പോൾ നടന്നു വരുന്നത്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 875 ലക്ഷം രൂപ സർക്കാർ ഇതുവരെ അനുവദിച്ചു. പദ്ധതി പ്രദേശത്തെ ആഭ്യന്തര റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും പ്രദേശത്ത് ജലലഭ്യത ഉറപ്പു വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരികയാണ്. |

ബി) പ്രസ്തുത മെഡിക്കൽ കോളേജ് പൂർണ്ണമായും സർക്കാർ നിയന്ത്രണത്തി ലാണോ നടപ്പിൽ വരുത്തുന്നതെന്ന് അറിയിക്കാമോ;

ബി) അതെ

സി) ഇതിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചിട്ടുണ്ടോ; എത്ര വർഷംകൊണ്ട് കോളേജ് യാഥാർത്ഥ്യമാക്കും എന്നാണ് തറക്കല്ലിടൽ വേളയിൽ സൂചിപ്പിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

സി) ഉണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക നുസൃതമായ സൗകര്യങ്ങൾ പൂർത്തി യാകുന്ന മുറയ്ക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയ്ക്ക് അപേക്ഷ സമർപ്പി ക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ഡി) നാളിതുവരെയായി ബഡ്ജറ്റുകളിൽ ഇതിനായി എത്രതുക അനുവദിച്ചിട്ടു ണ്ടെന്നും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും എന്തിനൊക്കെയാണ് തുക ചെലവഴിച്ച തെന്നും വേർതിരിച്ച് വിശദമാക്കാമോ?

ഡി) കാസർഗോഡ് മെഡിക്കൽ കോളേജിനു വേണ്ടി നാളിതുവരെ ബഡ്ജറ്റിൽ 8.75 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. അതിൽ നിന്നും മെഡിക്കൽ കോളേജ് ആരംഭിക്കുന്ന തിനായി സ്പെഷ്യൽ ഓഫീസറുടെ ടി.എസ്.ബി. അക്കൗണ്ടിലേക്ക് 19,95,000/- രൂപ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ